# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2328

08.12.2015-ലെ മറുപടിയ്ക്ക്

## കൺസ്യൂമർഫെഡിലെ ക്രമക്കേടുകൾ

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കൺസ്യൂമർഫെഡ് ഭരണസമിതിയെ സസ്പെൻഡ് ചെയ്തിട്ടുണ്ടോ; എങ്കിൽ സസ്പെൻഡ് ചെയ്യാൻ കാരണം എന്താണെന്ന് വിശദമാക്കുമോ; | (എ) | ഉണ്ട്. കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനിൽ വിജിലൻസ് അന്വേഷണം നടക്കുന്ന സാഹചര്യത്തിലും, കേരള സഹകരണ നിയമം, ചട്ടങ്ങൾ, നിയമാവലി വ്യവസ്ഥകൾ എന്നിവയ്ക്കനുസൃതമായി കൺസ്യൂമർ ഫെഡറേഷൻ ഭരണസമിതി ചുമതലകളും ഉത്തരവാദിത്വങ്ങളും നിറവേറ്റുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുള്ളതായി സഹകരണ സംഘം രജിസ്ട്രാർക്ക് ബോധ്യപ്പെട്ട സാഹചര്യത്തിലും സഹകരണ നിയമം വകുപ്പ് 32(1)(ഡി) പ്രകാരവും, 2011 ലെ 97-ാം ഭരണ ഘടനാ ഭേദഗതി നിയമം ഭാഗം IXB 243 ZL പ്രകാരവും കൺസ്യൂമർഫെഡ് ഭരണ സമിതിയെ സസ്പെന്റ് ചെയ്യുകയും സഹകരണ സംഘം രജിസ്ട്രാറുടെ 25.9.2015 ലെ CS(1) 25788/2015 നമ്പർ ഉത്തരവ് പ്രകാരം എറണാകുളം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാറെ കൺസ്യൂമർ ഫെഡറേഷന്റെ |

അഡ്മിനിസ്ട്രേറ്റർ ആയി നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കൺസ്യൂമർഫെഡിലെ ക്രമക്കേടുകൾ കണ്ടെത്താൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആരെയാണെന്നും ക്രമക്കേടുകൾ സംബന്ധിച്ച റിപ്പോർട്ട് നൽകിയിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(ബി) കൺസ്യൂമർഫെഡിന്റെ ക്രമക്കേടുകൾ സംബന്ധിച്ച് കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ ജോയിന്റ് രജിസ്ട്രാർ (എസ്.സി/എസ്.റ്റി) ശ്രീ.പി.പി.ദിലീപ്കുമാറിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണം നടന്നുവരുന്നു.

(സി) കൺസ്യൂമർ ഫെഡിൽ ഓപ്പറേഷൻ അന്നപൂർണ്ണ എന്ന പേരിൽ വിജിലൻസ് നടത്തിയ റെയ്ഡിൽ എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയതെന്നും ഇതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ശിപാർശ ചെയ്തിട്ടുണ്ടെന്നും വിശദമാക്കുമോ ?

(സി) കൺസ്യൂമർഫെഡിൽ "ഓപ്പറേഷൻ അന്നപൂർണ്ണ" എന്ന പേരിൽ വിജിലൻസ് നടത്തിയ അന്വേഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല. എന്നാൽ പ്രാഥമിക അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് വകുപ്പ് മുൻ മാനേജിംഗ് ഡയറക്ടർ ഡോക്ടർ റിജി ജി.നായരേയും, ജനറൽ മാനേജർ ശ്രീ.ആർ.ജയകുമാറിനേയും സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയുണ്ടായി.

സെക്ഷൻ ഓഫീസർ